# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി./പി4/1244/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി./പി4/1244/2021 തീയ്യതി: 04/10/2021

## കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-03-2020 മുതൽ 03-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 06-09-2021 | 18-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 18-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ഓഡിറ്റ് ഓഫീസർ.
ശ്രീ.ജയകുമാർ പാലോളി . അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവൻ എൻ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം. ഓഡിറ്റർ

ശ്രീ.ശ്രീജിത്ത് കെ.വി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എം സുമതി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.പ്രദീഷ്.കെ.പി. | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.വിനോദ്കൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദൻ കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ബാസിത്ത് ജെ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.സനിഷ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 04-05-2020 | 09-03-2021 |
| ശ്രീ.സിന്ധു | അസിസ്റ്റന്റ് എഞ്ചിനീയർ | 10-03-2021 | 31-03-2021 |
| ശ്രീ.ഗീത.എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 01-04-2020 | 31-03-2021 |
| ശ്രീ.സച്ചിൻ സാഗർ | കൃഷി ഓഫീസർ | 01-04-2020 | 30-07-2020 |
| ശ്രീമതി.നീതുചന്ദ്ര.സി.പി | കൃഷി ഓഫീസർ | 31-07-2020 | 07-10-2020 |
| ശ്രീമതി.മിയ വർഗ്ഗീസ് | കൃഷി ഓഫീസർ | 08-10-2020 | 12-10-2020 |
| ശ്രീമതി.നീതുചന്ദ്ര.സി.പി | കൃഷി ഓഫീസർ | 13-10-2020 | 12-11-2020 |
| ശ്രീമതി.മിയ വർഗ്ഗീസ് | കൃഷി ഓഫീസർ | 13-11-2020 | 19-11-2021 |
| ശ്രീമതി.സജീറ.സി | കൃഷി ഓഫീസർ | 20-01-2021 | 02-03-2021 |
| ശ്രീമതി.അർച്ചന ശ്യാം.കെ.പി. | കൃഷി ഓഫീസർ | 03-03-2021 | 31-03-2021 |
| ഡോ.ടിൻസി മേരി ജോൺ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.സ്വപ്ന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 20-01-2021 |
| ഡോ.റിം.പി.എം | മെഡിക്കൽ | 10-02-2021 | 28-02-2021 |

| | | | |
|---|---|---|---|
| | ഓഫീസർ, ഹോമിയോ | | |
| ഡോ.മുൻഷിദ്.എം.പി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-03-2021 | 31-03-2021 |
| ഡോ.ശശിധരൻ | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺകുമാർ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 03-03-2021 |
| ശ്രീ.ഷൈലേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-11-2020 | 31-03-2021 |
| ഡോ.മോഹൻദാസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്- തയ്യാറാക്കിയതിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 20-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-1 |
| 2 | ബജറ്റ് പ്രൊവിഷനു പുറത്ത് വരവ് ചെലവ് -എസ്റ്റിമേറ്റ് പുതുക്കിയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 20-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-1-1 |
| 3 | സർക്കാർ ഗ്രാന്റുകളിൽ നിന്നും വാർഷിക പദ്ധതിക്ക് തുക വകയിരുത്തിയത് ബജറ്റ് ഉൾക്കൊണ്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 20-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-1-2 |
| 4 | ബജറ്റ് പ്രൊവിഷനില്ലാതെ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്ക് തുക വകയിരുത്തി<br>Written By: Gireeshan Parappoyil (Audit Officer (HG), On 20-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 18-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-2 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-2-1 |
| 7 | ക്യാഷ് പരിശോധന<br>Written By: Srijith K.V (Auditor, On 18-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-4-1 |
| 10 | ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിൽ പള്ളി പ്രവർത്തിക്കുന്നത് സംബന്ധിച്ച്<br>Written By: Srijith K.V (Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-5 |
| 11 | ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തി.<br>Written By: Srijith K.V (Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-6 |
| 12 | വസ്തുനികുതി അപാകതകൾ<br>Written By: Srijith K.V (Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-7 |
| 13 | നികുതി വരുമാനം- മുന്റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-8 |
| 14 | കമ്പ്യൂട്ടറിന്റെ വാറന്റി നിലനിൽക്കെ റിപ്പയറിന് തുക ചെലവഴിച്ചു<br>Written By: Srijith K.V (Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-9 |
| 15 | റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Gireeshan Parappoyil (Audit Officer (HG), On 20-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-10 |

| | | |
|---|---|---|
| 16 | MGNREGS- പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 20-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-11 |
| 17 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: N. Rajeevan (Senior Grade Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-12 |
| 18 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-13 |
| 19 | മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല-പദ്ധതിലക്ഷ്യം കൈവരിച്ചില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-14 |
| 20 | തെരുവ് വിളക്ക് സ്ഥാപിക്കൽ- അപാകതകൾ-<br>Written By: Jayakumar Paloli (Asst. Audit Officer, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-15 |
| 21 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: N. Rajeevan (Senior Grade Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-16 |
| 22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-17 |
| 23 | ലൈബ്രറി പ്രവർത്തിക്കുന്നില്ല-പുസ്തകങ്ങൾ നശിക്കുന്നു.<br>Written By: Srijith K.V (Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-18 |
| 24 | പാലിയേറ്റീവ് പരിചരണം-മരുന്നുകൾ മുഴുവനായും ലഭ്യമായില്ല<br>Written By: Jasir C M (Auditor, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Srijith K.V (Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Srijith K.V (Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Srijith K.V (Auditor, On 23-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Srijith K.V (Auditor, On 24-09-2021)<br>Last Updated By: Vasudevan M (Deputy Director, On 01-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്- തയ്യാറാക്കിയതിൽ അപാകത

ഓഡിറ്റ് വർഷത്തെ ബജറ്റ് 17.3.20 തീയതിയിലെ 50/20 നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുൻ ബാക്കി | 4783809 |
| ആകെ വരവ് | 231760622 |
| ഒട്ടാകെ | 236544431 |
| ആകെ ചെലവ് | 231895500 |
| അവസാന ബാക്കി | 4648931 |

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ തയ്യാറാക്കി അംഗീകരിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് പ്രൊവിഷനു പുറത്ത് വരവ് ചെലവ് -എസ്റ്റിമേറ്റ് പുതുക്കിയില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേ.പ.രാജ് ആക്ട്, സെക്ഷൻ214(5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ ,തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ സ്ഥാപനത്തിൽ എം ജി എൻ ആർ ഇ ജി എസ്, പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ഗ്രാന്റുകൾ എന്നീ ഇനങ്ങളിൽ ബജറ്റ് എസ്റ്റിമേറ്റിന് പുറത്ത് വരവ് ചെലവുകൾ വന്നെങ്കിലും ബജറ്റ് പുതുക്കിയില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | | ബജറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് | ബജറ്റ് അലോട്ട്മെന്റ് | യഥാർത്ഥ വരവ് |
|---|---|---|---|---|---|---|
| 1 | 3201001 കേന്ദ്രാവിഷ്കൃത പദ്ധതി കൾക്കുള്ള ഗ്രാന്റുകൾ | ബജറ്റ് ഷെഡ്യൂൾ 4 | 0 | 0 | | 51721448 |
| 2 | | ബജറ്റ് ഷെഡ്യൂൾ 7 | 70000000 | 20000000 | | 8587095 |
| | | ആകെ | 70000000 | 20000000 | | 60308543 |
| 1 | 3202001 വികസന ഫണ്ട് | ബജറ്റ് ഷെഡ്യൂൾ 4 | 21528000 | 21328000 | 31830000 | 31962732 |
| 2 | | ബജറ്റ് ഷെഡ്യൂൾ 7 | 10302000 | 10302000 | | |
| | | ആകെ | 31830000 | 31630000 | | |

28.11.2019 തീയതിയിലെ 125/19(5) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം 14 കോടിയുടെ പ്രവൃത്തികൾ MGNREGS പദ്ധതിയിൽ തൻവർഷം ആസൂത്രണം ചെയ്തിരുന്നു. എന്നാൽ ആകെ 7കോടിയുടെ വരവ് മാത്രമാണ് ബജറ്റ് പ്രകാരം വരവ് കാണിച്ചിരിക്കുന്നത്. റവന്യൂ

വരവിനത്തിൽ യാതൊരു തുകയും വകയിരുത്താതെ, 7 കോടി രൂപയും മൂലധന വരവിനത്തിലാണ് കാണിച്ചിരിക്കുന്നത്. പുതുക്കിയപ്പോൾ ഇത് 2 കോടി രൂപയായി കുറയ്ക്കുകയും ചെയ്തു. റവന്യൂ വരവിനത്തിൽ പുതുക്കിയപ്പോഴും തുക വകയിരുത്തിയില്ല.എന്നാൽ റവന്യൂ വരവിനത്തിൽ 5.17 കോടി രൂപയും മൂലധന വരവിനത്തിൽ 2 കോടി രൂപയ്ക്ക് പകരം 85.87ലക്ഷം രൂപയും യഥാർത്ഥത്തിൽ വന്നിട്ടുണ്ട്. ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് വരുത്തുന്നതിനും ബജറ്റിൽ വകയിരുത്തിയതിൽ നിന്നും വൻതോതിൽ കുറവ് വന്ന വരവ് ചെലവുകൾക്കും ഇത് കാരണമായി. ഇപ്രകാരം അപാകതയ്ക്കുള്ള കാരണവും വിശദമാക്കേണ്ടതുണ്ട്.

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ കാര്യത്തിൽ, സർക്കാർ ബജറ്റ് വിഹിതം തന്നെ (3.18കോടി രൂപ) ബജറ്റിൽ വകയിരുത്തിയെങ്കിലും പുതുക്കിയപ്പോൾ ഇതിൽ നിന്നും 2 ലക്ഷം രൂപയുടെ കുറവ് വരുത്തി. എന്നാൽ യഥാർത്ഥ വരവ് 3.2 കോടി വന്നെങ്കിലും ഇതിനനുസൃതമായി ബജറ്റ് പുതുക്കിയില്ല.

## <u>1-1-2 സർക്കാർ ഗ്രാന്റുകളിൽ നിന്നും വാർഷിക പദ്ധതിക്ക് തുക വകയിരുത്തിയത് ബജറ്റ് ഉൾക്കൊണ്ടില്ല</u>

സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി 2019-20 വർഷത്തെ അലോട്ട് മെന്റിന്റെ 20% അധിക വകയിരുത്തൽ നടത്താമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ വർഷത്തെ അലോട്ട്മെന്റ് 2.71കോടി രൂപയായതിനാൽ ഇതിന്റെ 20% തുക ഉൾപ്പടെ (6366000/-രൂപ) 3.82കോടിയുടെ വകയിരുത്തൽ തൻവർഷം നടത്താവുന്നതാണ്. എന്നാൽ ബജറ്റിൽ, സംസ്ഥാന ബജറ്റ് വിഹിതം മാത്രം (3.18കോടി രൂപ) വകയിരുത്തിയ സ്ഥാപനം ബജറ്റ് പുതുക്കിയപ്പോൾ ഇതിൽ നിന്നും 2 ലക്ഷം രൂപ കുറവുവരുത്തുകയാണ് ചെയ്തത്. ഇതിന് വിപരീതമായി അന്തിമ വർഷിക പദ്ധതിയിൽ 4.3 കോടി രൂപ വകയിരുത്തി ഡി പി സി അംഗീകാരം വാങ്ങിയിട്ടുണ്ട്. അതായത് 1.12 കോടിയുടെ പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത് ബജറ്റ് പ്രൊവിഷനില്ലാതെയാണ്.

ബജറ്റ് ഷെഡ്യൂൾ 7 (BS 7) പ്രകാരം 10.44 കോടി രൂപയാണ് മൂലധനവരവായി കാണിച്ചിരിക്കുന്നത്. ഇതിന് തുല്യമായ തുക തന്നെ സാധാരണ ഗതിയിൽ മൂലധന ചെലവിനായി ബജറ്റിൽ നീക്കിവയ്ക്കേണ്ടതാണ്. എന്നാൽ മൂലധന ചെലവിനായി, ബജറ്റ് ഷെഡ്യൂൾ 12 (BS 12) പ്രകാരം 1.2 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ബജറ്റിന്റെ അടിസ്ഥാന തത്വങ്ങൾ തന്നെ ഇവിടെ പാലിക്കപ്പെട്ടില്ലെന്ന് കാണാം.

## <u>1-1-3 ബജറ്റ് പ്രൊവിഷനില്ലാതെ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്ക് തുക വകയിരുത്തി</u>

5.12 കോടി രൂപ അടങ്കലുള്ള സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് 2.3.20ലെ 45/20(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട് . (വാർഷിക പദ്ധതിക്ക് ഡി പി സി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇതിന്റെ വിശദാംശം പരിശോധിക്കാനായിട്ടില്ല) ഇത് പ്രകാരം തനത് ഫണ്ടിൽ നിന്നും 9.99ലക്ഷം രൂപ വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. എന്നാൽ വർഷാവസാനമാകുമ്പോഴേക്കും തനത് ഫണ്ട് വകയിരുത്തൽ 2911762 രൂപയും ചെലവ് 1375342 രൂപയുമാണെന്ന് അന്തിമചെലവ് പത്രിക സാക്ഷ്യപ്പെടുത്തുന്നു. ബജറ്റ് പുതുക്കിയപ്പോൾ മുന്നിരിപ്പ്, ജി പി ജി ഉൾപ്പടെ ആകെ 21839092/- രൂപ തനത് വരുമാനമുണ്ടെങ്കിലും 14514500/- രൂപയുടെ റവന്യൂ ചെലവും 58.16ലക്ഷം രൂപയുടെ നീക്കിയിരിപ്പും കഴിച്ച് 1508000/- രൂപ മാത്രമാണ് പദ്ധതിയ്ക്കായി വകയിരുത്താനാവുക എന്നത് ഇവിടെ ശ്രദ്ധേയമാണ്. ബജറ്റ് പ്രൊവിഷനില്ലാതെ തനത് ഫണ്ടിൽ നിന്നും പദ്ധതിയ്ക്ക് തുക വകയിരുത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 23.04.2021 | | |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വളയം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 224700/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. വാർഷിക കണക്ക് ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് തുക 40054/-രൂപയാണ്. എന്നാൽ മേൽ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. സംയുക്ത പ്രോജക്റ്റുകൾക്കായുള്ള ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Capital Expenditure)-District Panchayath | 75331 |
| Contribution For Joint Venture Projects (For RevenueExpenditure)-From District Panchayaths | 700000 |
| ആകെ | 775331 |

4. എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിൽ വാർഷികകണക്ക് പ്രകാരമുള്ള തുകയും ഇ.എഫ്.എം.സ് തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള തുക (Income And Expenditure+Capital Contribution) | Efms പ്രകാരം ആകെ വരവ് | വ്യത്യാസം |
|---|---|---|
| 60311040 | 60308543 | 2497 |

5. ഇ-ടെണ്ടർ ഫീ ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല.

6. പാർട്ട്-ബിൽ നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. ആസ്തികൾക്ക് ഡിപ്രിസിയഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

10. വാർഷിക കണക്കിലെ ബി- 9 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് കളക്ഷൻ-റവന്യൂ (മറ്റ് വരവുകൾ) ഇനത്തിൽ 614244/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ മേൽ തുക സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

11. വാർഷികകണക്കിലെ ബി-12 ഷെഡ്യൂൾ പ്രകാരം 25000/- രൂപ ഇൻവെസ്റ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിവരം സംബന്ധിച്ച രേഖകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

12. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2468 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7663467 | 7663467 | 7663467 | 0 | |
| വികസന ഫണ്ട് (എസ് സി പി) | 0 | 613125 | 613125 | 613125 | 0 | |
| വികസന ഫണ്ട് ( ടി.എസ്.പി) | 0 | 567000 | 567000 | 567000 | 0 | |
| മെയിന്റനൻസ്, റോഡ് | - | 8122000 | 8122000 | 8122000 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് | - | 3456681 | 3456681 | 3456681 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | - | 4480000 | 4480000 | 982456 | 3497544 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un-Tied) | | 6872913 | 6872913 | 6675142 | 197771 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | 429821 | 775558 | 1205379 | 774153 | 431226 | |
| ടോട്ടൽ സാനിറ്റേഷൻ ക്യാംമ്പയിൻ | 169135 | 0 | 169135 | 0 | 169135 | |
| പ്രാദേശിക വികസന ഫണ്ട്(MP Fund) | 8459 | 233 | 8692 | 0 | 8692 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സായംപ്രഭ ഷെൽട്ടർ ഹോം | 15694 | 505 | 16199 | 11184 | 5015 | |
| ടോട്ടൽ സാനിറ്റേഷൻ | 17800 | 0 | 17800 | 0 | 17800 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1815 | 1846189 | 1864374 | 774135 | 1090239 | |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2020-21 വർഷത്തിൽ ഐ. കെ. എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാതകൾ ചുവടെ കൊടുക്കുന്നു,

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | സേവനം | 10749257 | 28583093 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 630750 | 2270750 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 643500 | 1379500 |
| സംരക്ഷണഗ്രാന്റ്-റോഡ് | പശ്ചാത്തലം | 9990000 | 10290000 |
| | ഉത്പാദനം | 825000 | 875000 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ്-റോഡിതരം | സേവനം | 4346482 | 5635423 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied+Un-Tied) | സേവനം | 7031000 | 12339089 |
| | പശ്ചാത്തലം | 4294000 | 4794000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിൽ പള്ളി പ്രവർത്തിക്കുന്നത് സംബന്ധിച്ച്

ഫയൽ നം-B5/5416/2019, Dt. 19.11.2019

19.11.2019 തിയ്യതിയിലെ മേൽ നമ്പറായുള്ള ശ്രീമതി.ദിവ്യ തയ്യുള്ളതിൽ എന്നവരുടെ പരാതിയിൽ വ്യാവസായിക ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ അനധികൃതമായി ആരാധനാലയം പ്രവർത്തിക്കുന്നതായി പരാതിപ്പെട്ടിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടത്തിയ വാർഡ് ക്ലർക്ക് പരാതിയിൽ പറയും പ്രകാരം കെട്ടിടം ആരാധനക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൻ നിന്നും 2015 ഒന്നാം അർദ്ധവർഷത്തിൽ നമ്പർ അനുവദിച്ച ഇസ്മയിൽ പള്ളിത്തറ എന്നവരുടെ ഉടമസ്ഥതയിലുള്ള 3/132 A നമ്പറായുള്ള മേൽ കെട്ടിടം ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) എന്ന വിനിയോഗ ക്രമത്തിനായാണ് നമ്പർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ കെട്ടിടം നിർമ്മിച്ചത് മുതൽ മേൽ കെട്ടിടം മതപരമായ ആവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തുന്നത് എന്ന് 04.12.2015 തിയ്യതിയിൽ ശ്രീമതി.ദിവ്യ നൽകിയ മുൻ പരാതിയിൽ നിന്നും വ്യക്തമായിട്ടുണ്ട്.

04.12.2015 തിയ്യതിയിൽ ദിവ്യ എന്നവർ നൽകിയ പരാതിയിന്മേൽ 31.03.2017 തിയ്യതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വടകര തഹസിൽദാർക്ക് നൽകിയ A3/947/17 നമ്പറായുള്ള റിപ്പോർട്ടിൽ ഉടമ മേൽ കെട്ടിടം രണ്ട് മാസത്തിനകം പൊളിച്ച് നീക്കുമെന്ന് വളയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 08.03.2017 തിയ്യതിയിൽ കത്ത് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. മേൽ ഉറപ്പ് ലഭ്യമായി രണ്ടര വർഷത്തിന് ശേഷം ശ്രീമതി ദിവ്യ സമർപ്പിച്ച പരാതിയിൽ നിന്നും അനധികൃതമായി പള്ളി തുടർന്നും പ്രവർത്തിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം പൊളിച്ച് മാറ്റിയിട്ടില്ലെന്നത് വ്യക്തമാക്കിയിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 4 പ്രകാരം മതപരമായ ആരാധനക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിടങ്ങൾക്ക് ജില്ലാകളക്ടറിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

ജില്ലാ കളക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയും ചട്ട പ്രകാരം അനുമതി നൽകിയ വിനിയോഗ ക്രമത്തിൽ നിന്നും വ്യതിചലിച്ച് പ്രവർത്തിക്കുന്നതുമായ മേൽ കെട്ടിടത്തിന്റെ ഉടമക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത കെട്ടിടം മതപരമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന വിവരം ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-6 ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തി.

ഫയൽ നം- B5/2866/20

അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി നാദാപുരത്തിന്റെ 23.06.2020 ലെ DB/നാദാപുരം/നോട്ടീസ്/63/2020-21 നമ്പറായുള്ള നോട്ടീസ് പ്രകാരം പ്രസിഡണ്ട് നൂറാനിയ ജുമാമസ്ജിദിന്റെ ഉടമസ്ഥതയിലുള്ള 11/331,332,333 നമ്പർ കെട്ടിടത്തിന് മുകളിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടെന്നും, കെട്ടിടത്തിന് മുകളിലുള്ള വൈദ്യുതി ലൈനുമായി ചട്ടപ്രകാരമുള്ള അകലം പാലിക്കാതെയാണ് നിർമ്മാണം നടത്തിയതെന്നും, അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും വ്യക്തമാക്കികൊണ്ട് സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് 02.07.2020 തിയ്യതിയിലെ നം- B5/2866/20 നമ്പർ നോട്ടീസ് മുഖേന അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് സെക്രട്ടറി കെട്ടിട ഉടമയായ അബ്ദുള്ള കരുവാൻകണ്ടിയിൽ, പ്രസിഡണ്ട് നൂറാനിയ ജുമാമസ്ജിദ് എന്നവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

മേൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അൽമസാക്കിൻ സൂപ്പർമാർക്കറ്റ് FTE&OS ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് സെക്രട്ടറി 220/20 നമ്പറായി ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 16.11.2020 ലെ B7/3875/20/EIC നമ്പറായുള്ള ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാത്തതിനാൽ ഭാവിയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഗ്രാമപഞ്ചായത്തായിരിക്കും ഉത്തരവാദിയെന്നും അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചതിലെ വിയോജിപ്പും അറിയിച്ചിട്ടുണ്ട്. മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും 04.05.2021 തിയ്യതിയിൽ എ1/2058/21 നമ്പറായി കെട്ടിട ഉടമക്ക് അനധികൃത നിർമ്മാണം പൊളിച്ച്മാറ്റണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും തുടർ നടപടിളൊന്നും സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് പൊളിച്ച് മാറ്റുന്നതിന് നോട്ടീസ് നൽകിയതും ചട്ടലംഘനം നിലനിൽക്കുന്നതുമായ കെട്ടിടത്തിൽ ലൈസൻസ് അനുവദിച്ച നടപടി ക്രമപ്രകാരമല്ല. കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതലയുള്ള ഗ്രാമപഞ്ചായത്ത് പൊതുജന സുരക്ഷ പരിഗണിക്കാതെ അപകട നിലയിലുള്ള കെട്ടിടത്തിൽ വ്യാപാരസ്ഥാപനം പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത് ചട്ടവിരുദ്ധമായാണ്. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

അനധികൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള നിയമനടപടി സ്വീകരിക്കേണ്ടതും നിലവിൽ കെട്ടിടത്തിൽ ലൈസൻസില്ലാതെ പ്രവർത്തിപ്പിക്കുന്ന വ്യാപാരസ്ഥാപനത്തിന് നോട്ടീസ് നൽകേണ്ടതുമാണ്. കെട്ടിടത്തിന് യു.എ നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി കണക്കാക്കി കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

## <u>1-7 വസ്തുനികുതി അപാകതകൾ</u>

വളയം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ ഫയലുകൾ, വസ്തുനികുതി നിർണ്ണയ ഫയലുകൾ, സഞ്ചയ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടിട്ടുണ്ട്.

1. 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തുകയോ ചെയ്തിട്ടില്ല.
2. സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 566 റോഡുകളുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 217 റോഡുകൾ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. 349 റോഡുകളുടെ വിവരം രേഖപ്പെടുത്താത്തതിനാൽ സഞ്ചയയിൽ പ്രസ്തുത റോഡുകളുടെ വിവരം മറ്റുള്ളവ എന്ന നിലയിൽ മാന്വലായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള രേഖപ്പെടുത്തലുകൾക്ക് ഗ്രാമപഞ്ചായത്ത് എൽ.ബി.എസ് സമർപ്പിക്കുന്ന പ്ലാനിലെ അളവാണ് ആധാരമാക്കുന്നത്. ഇത് മൂലം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കുന്നതിൽ വീഴ്ച വരാനും അതുവഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനുമുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.
3. ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങളുടെ വ്യത്യസ്തഭാഗങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയം നടത്തുന്നു. ഉദാ- നാണു പന്തലാങ്കണ്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള 13/376 I നമ്പർ മുറി വിഭജിച്ച് 13/376 I,13/376 I1, 13/376 I2, 13/376 I4, 13/376 I5 എന്നീ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ 13/376 I,13/376 I1 എന്നീ കെട്ടിടങ്ങൾക്ക് 40 രൂപ നിരക്കിലും , 13/376 I2, 13/376 I4, 13/376 I5 എന്നീ കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിന്റെ

കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സമാനമായ അപാകത രവീന്ദ്രൻ നമ്പ്യാർ, നിർമാല്യം , ചെക്യാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 13/194 A-R നമ്പറുകൾ അനുവദിച്ച കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലും സംഭവിച്ചിട്ടുണ്ട്.

4. 2020-21 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ ബാധ്യതയായി രേഖപ്പെത്തിയിട്ടുള്ള വസ്തു നികുതി മുൻകൂർ പിരിവ് 340182 രൂപ തുടർ വർഷങ്ങളിൽ ഏതെല്ലാം ഡിമാന്റുകളിലേക്ക് പൊരുത്തപ്പെടുത്തേണ്ടവയാണെന്നത് സംബന്ധിച്ച റിപ്പോർട്ട് സഞ്ചയയിൽ ലഭ്യമല്ല. മേൽ തുകയിൽ 144/2015, 358/2015 നമ്പർ ഉത്തരവുകളിലൂടെ നികുതി ഒഴിവാക്കി നൽകിയതും മുൻകൂർ പിരിവെടുത്തതിൽ മേൽ കെട്ടിട ഉടമകൾക്ക് തിരിച്ച് നൽകേണ്ടതുമായ തുക സംബന്ധിച്ച് സ്ഥാപനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

5. 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തക്കതായ കാരണങ്ങളില്ലാതെ വിഭജിച്ച് നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 2-4 നമ്പർ ഖണ്ഡിക പ്രകാരം ഓഡിറ്റ് ചൂണ്ടികാണിച്ചിട്ടുള്ളതാണ് . എന്നാൽ മേൽ അപാകത ഓഡിറ്റ് വർഷത്തിലും ആവർത്തിച്ചിട്ടുണ്ട്. ഉദാ- ബാലകൃഷ്ണൻ വടപൊയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി 100 ച.മീ താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

. കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. തക്കതായ കാരണങ്ങളില്ലാതെ ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിട നമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

. 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നികുതി നിരക്കുകൾ ഭരണസമിതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.

. വസ്തുനികുതി ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് പൊതുജനങ്ങളിൽ വ്യാപകമായ പ്രചരണം/ബോധവത്കരണം നടത്തേണ്ടതും നിലവിൽ വസ്തുനികുതി പിരിവിന് ഉപയോഗപ്പെടുത്തുന്ന മനുഷ്യശേഷി കുറച്ച്കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

. 2020-21 വർഷത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ ബാധ്യതയായി രേഖപ്പെത്തിയിട്ടുള്ള വസ്തു നികുതി മുൻകൂർ പിരിവ് തുകയായ 340182 രൂപയിൽ തിരിച്ച് നൽകേണ്ടതും (മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് പ്രാബല്യ തിയ്യതിക്ക് ശേഷമുള്ള കാലത്തേക്ക് ഡിമാന്റ് ചെയ്ത് നികുതി ഈടാക്കിയതും, നിലവിൽ നികുതിയില്ലാത്ത കെട്ടിടങ്ങളുടെ മുൻകൂർ കളക്ഷനും) തുടർ വർഷങ്ങളിലേക്ക് അഡ്ജസ്റ്റ്

ചെയ്യേണ്ടതുമായ തുക വേർതിരിച്ച് കണക്കാക്കേണ്ടതും ആയത് സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-8 നികുതി വരുമാനം- മുൻറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല

പ്രധാനപ്പെട്ട നികുതിയിനങ്ങളിലെ ഡിമാന്റ് നൂറു ശതമാനമാനമാക്കാൻ നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിച്ച നടപടികൾ സ്ഥാപനം സ്വീകരിച്ചിട്ടില്ലെന്നും, അവ സ്വീകരിച്ച് പരമാവധി ധനസമാഹരണം നടത്തണമെന്നും 2017-18 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2, 2-3 എന്നിവയിൽ പ്രതിപാദിച്ചിരുന്നു.വസ്തു നികുതിയുടെ കാര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങളാണ് നല്കിയിരുന്നത്.

1. സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയ കെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചുനല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതും/നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാനാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ റിപ്പോർട്ടിന് ലഭ്യമാക്കിയ പ്രഥമമറുപടിയിൽ, നികുതി ഡിമാന്റ് നൂറ് ശതമാനം ഉറപ്പുവരുത്തിയിട്ടില്ലെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരാൻ ആധാരമാക്കിയ സ്ഥാപനത്തിലെ പോരായ്മകൾ ഖണ്ഡികയിൽ പരാമർശിച്ചതിനാണ് മറുപടി നല്കിയത്. മേല്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്, ചില കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ നാളിതുവരെ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ലെന്ന് രേഖകൾ കണക്കുകൾ ഇക്കാര്യത്തിലുള്ള വിശദീകരണം എന്നിവയിൽ നിന്നും വ്യക്തമാകുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ 2017-18 വർഷം മുതൽക്കുള്ള ഡിമാന്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| 1721138 | 1907512 | 2174413 | 2507613 |

നിർദ്ദേശങ്ങൾ നടപ്പിലാക്കിയിരുന്നെങ്കിൽ മേല്പറഞ്ഞതിൽ നിന്നും വിഭിന്നമായി ഡിമാന്റിൽ വൻതോതിലുള്ള വർദ്ധന സ്ഥാപനത്തിനനുണ്ടാകുമായിരുന്നു.

തൊഴിൽ നികുതിയുടെ കാര്യത്തിലും ഡിമാന്റ് നൂറ് ശതമാനമാക്കുന്നതിന് നൽകിയ ഓഡിറ്റ് നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. താഴെ പറയുന്ന നിർദ്ദേശങ്ങളായിരുന്നു റിപ്പോർട്ടിൽ പരാമർശിച്ചിരുന്നത്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.
2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.
3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
4. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.
5. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2018-19 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും, ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കാൻ ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണെന്നാണ് പ്രഥമ മറുപടിയിൽ സ്ഥാപനം വ്യക്തമാക്കിയത്. എന്നാൽ നിലവിലും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന് ബോധ്യമായിട്ടുണ്ട്. 2017-18 വർഷം മുതൽക്കുള്ള ട്രയിഡേഴ്സിന്റെ ഡിമാന്റിന്റെ വിശദാംശം ഇത് വ്യക്തമാക്കുന്നു.

| 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| 193260 | 238670 | 310960 | 377720 |

മേൽ റിപ്പോർട്ടിലെ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ പ്രതിവർഷ ഡിമാന്റ് മേല്പറഞ്ഞതിന്റെ പതിന്മടങ്ങാകുമായിരുന്നു.

തനത് വരുമാന വർദ്ധനവിന് സഹായകരമായ നിയമപരമായ നടപടികൾ ശ്രദ്ധയിൽ പെടുത്തിയിട്ടും സ്വീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഉടനടി മേൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിച്ച് അതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9 കമ്പ്യൂട്ടറിന്റെ വാറന്റി നിലനിൽക്കെ റിപ്പയറിന് തുക ചെലവഴിച്ചു

| | |
|---|---|
| വൗച്ചർ നമ്പർ, തിയ്യതി | നം-22000856, തി. 03.02.21 |
| തുക | 600 |
| കൈപ്പറ്റിയ ആൾ | ടെക്നിക്കൽ അസിസ്റ്റന്റ് (ബൈനറി സൊല്യൂഷൻസ് വളയം എന്ന സ്ഥാപനത്തിന് ആണ് തുക നൽകിയത്) |
| ചെക്ക് നം | 34721, തി. 03.02.21 |

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സീറ്റിൽ ഉപയോഗപ്പെടുത്തുന്ന ഡെസ്ക്ടോപ് കമ്പ്യൂട്ടറിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റം റീ-ഇൻസ്റ്റാൾ ചെയ്യുന്നതിനും മറ്റ് ഹാർഡ്‌വെയർ തകരാറുകൾ പരിഹരിച്ചതിനുമാണ് തുക അനുവദിച്ചിട്ടുള്ളത്.

ടെക്നോസ് ടാഗ്, ഉണ്ണികുളം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന 09.09.2018 തിയ്യതിയിലാണ് മേൽ കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. 5 വർഷത്തെ വാറന്റി ഉൾപ്പെടെയാണ് സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. 09.09.2023 വരെ വാറന്റി നിലനിൽക്കെ റിപ്പയർ പ്രവൃത്തിക്കായി തുക ചെലവഴിച്ചതിന്റെ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

വാറന്റി നൽകേണ്ട ടെക്നോസ് ടാഗ്, ഉണ്ണികുളം എന്ന സ്ഥാപനം സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതിനാലാണ് മറ്റൊരു സ്ഥാപനത്തെ ഉപയോഗപ്പെടുത്തി റിപ്പയർ പ്രവർത്തികൾ നിർവ്വഹിച്ചതെന്നാണ് ടെക്നിക്കൽ അസിസ്റ്റന്റ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്.

വാറന്റി സേവനം ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ എയ്സർ കമ്പനി, ടെക്നോസ് ടാഗ്, ഉണ്ണികുളം എന്നിവർക്കെതിരെ കരാർ ലംഘനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-10 റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്ഥാപനം മതിയായ ശ്രദ്ധ ചെലുത്തുന്നില്ല. 1999-2000 വർഷത്തെ റിപ്പോർട്ടും 2003-04 വർഷം മുതൽക്കുള്ള റിപ്പോർട്ടുകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. ശ്രദ്ധയിൽപ്പെടുത്തുന്ന അപാകതകൾ സമയബന്ധിതമായി തീർപ്പാക്കുകയെന്നത് സ്ഥാപനത്തിന്റെ കാര്യക്ഷമതയ്ക്കുള്ള സാക്ഷ്യപത്രമാണെന്നത് ഇവിടെ ശ്രദ്ധേയമാണ്. കഴിഞ്ഞ വർഷങ്ങളിലെ റിപ്പോർട്ടുകൾക്ക് സ്ഥാപനം എപ്രകാരം പ്രതികരിച്ചെന്ന് താഴെ വിശദമാക്കുന്നു.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 11.1.2019ന് സ്ഥാപനത്തിൽ ലഭിച്ചിട്ടുണ്ട്. 21.1.2019 ന തന്നെ റിപ്പോർട്ട് ഭരണസമിതി പരിഗണിക്കുകയും തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.ഇതിനുള്ള പ്രഥമമറുപടി 6.03.2019ന് ഭരണസമിതി അംഗീകരിച്ച് 7.3.19ന് ഓഡിറ്റ് വകുപ്പിന് അയച്ചിട്ടുണ്ട്. നിയമപരമായ സമയപരിധിക്കുള്ളിൽ മറുപടി സമർപ്പിച്ചെങ്കിലും ഓഡിറ്റ് വകുപ്പ് ഇതിനായി തയ്യാറാക്കിയ ഓൺലൈൻ സംവധാനം മറുപടി സമർപ്പിക്കുന്നതിന് ഉപയോഗപ്പെടുത്താതിരുന്നത് വീഴ്ചയാണ്.

റിപ്പോർട്ട് ലഭിച്ചതിനെ തുടർന്നുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചെങ്കിലും റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾക്കും അവ പരിഹരിക്കുന്നതിന് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾക്കും അർഹിക്കുന്ന പ്രാധാന്യം സ്ഥാപനം നല്കിയിട്ടില്ലെന്ന് പ്രഥമമറുപടി

പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെടുന്നുണ്ട്. ആകെ 14 ഖണ്ഡികളുള്ളതിൽ മൂന്നെണ്ണം മാത്രമാണ് അനന്തരപരാമർശത്തോടെ ഒഴിവാക്കപ്പെട്ടത്. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലേയും, തനത് വരുമാനത്തെ ബാധിക്കുന്ന വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസിംഗ് തുടങ്ങി വിവിധ ധനാഗമമാർഗ്ഗങ്ങളിലേയും പോരായ്മകളും അവ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും റിപ്പോർട്ട് ഉൾക്കൊണ്ടിരുന്നെങ്കിലും അവയ്ക്ക് നടപടി സ്വീകരിക്കാതെ, അവ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഈ നടപടികളിലൊന്നും തന്നെ നാളിതുവരെ തുടങ്ങി വയ്ക്കുകപോലും ചെയ്തിട്ടില്ലെന്ന് ബന്ധപ്പെട്ട സെക്ഷനുകൾ വിശദമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഉത്തമസാമ്പത്തിക താല്പര്യത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളായിട്ടുപോലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ട് പരിഗണിച്ചിട്ടില്ലെന്നതാണ് ഇതിന് പ്രധാന കാരണമെന്ന് കാണാം.റിപ്പോർട്ട് ലഭിച്ച് മാസങ്ങൾ കഴിഞ്ഞുള്ള (6.09.2019ന് ചേർന്ന) കമ്മിറ്റി യോഗത്തിൽ മാത്രമാണ് റിപ്പോർട്ട് പരിശോധിച്ചുവെന്ന പരാമർശം പോലും നടത്തിയത്. തുടർന്നുള്ള ചില മാസങ്ങളിൽ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കൽ എന്ന അജണ്ട ചർച്ച ചെയ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വരുമാന വർദ്ധന സാധ്യമാക്കുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കപ്പെട്ടില്ല. അനന്തര പരാമർശത്തെ തുടർന്ന് യാതൊരു നടപടികളും റിപ്പോർട്ട് തീർപ്പാക്കുന്നതിന് സ്ഥാപനം സ്വീകരിച്ചിട്ടുമില്ല

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

9.06.2020ന് സ്ഥാപനത്തിന് ലഭിച്ച റിപ്പോർട്ടിന് 7.8.2020ന് സ്ഥാപനം പ്രഥമമറുപടി നല്കിയിട്ടുണ്ട്. 9.7.2020ന് ഭരണസമിതി അംഗീകരിച്ചാണ് മറുപടി നല്കിയിരിക്കുന്നത്. 3.9.2020 തീയതിയിൽ ഇതിന് അനന്തരപരാമർശവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 5 പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഈ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് പിന്നീട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ റിപ്പോർട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

മുൻറിപ്പോർട്ടുകൾ

2010-11മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നല്കിയ മറുപടികൾ 15.6.19ന് നടത്തിയ ഓഡിറ്റ് അദാലത്തിൽ പരിഗണിക്കുകയും 29.05.20ന് തുടർ പരാമർശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം മേൽ വർഷങ്ങളിലെ പരിമിതമായ പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.ഇവയും 2009-10 വരെയുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളിലെ പരാമർശങ്ങളും അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്.

റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 1-11 MGNREGS- പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവർത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ആകെ മെറ്റീരിയൽ പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 20 | 3940000 |
| 2020-21 | 23 | 5089000 |

ഇരു വർഷങ്ങളിലും പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ,

എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് . മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 11 കരാറുകാർ ഇരുവർഷങ്ങളിലുമായി എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം | |
|---|---|---|---|
| | | 2019-20 | 2020-21 |
| 1 | PCRHS | 7 | 0 |
| 2 | ഷജിത്ത് വി പി | 9 | 12 |
| 3 | NPLCCS | 10 | 4 |
| 4 | VLCCS | 6 | 9 |
| 5 | സുനിൽ കെ | 11 | 28 |
| 6 | സുധീഷ് വി കെ | 3 | 0 |
| 7 | എം കെ ബാലന് | 1 | 23 |
| 8 | നിധിൻ | 2 | 2 |
| 9 | എം ടി ബാലൻ | 5 | 4 |
| 10 | നാസർ എ കെ | 3 | 11 |
| 11 | അലി അസ്ഹർ | 2 | 10 |
| 12 | രാജൻ എൻ പി | 0 | 10 |
| 13 | ഡൊമനിക് ഡൊമനിക് | 0 | 18 |
| 14 | ഷൈജു പി പി | 0 | 10 |

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർ

ഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന,പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല.അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർ

ത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്യാൻ നിലവിൽ കരാർ വച്ച പ്രവൃത്തികളൊഴിച്ച് ഇനിയങ്ങോട്ടുള്ള മെറ്റീരിയൽ പ്രവൃത്തികളുടെ കാര്യത്തിൽ സർക്കാർ ഉത്തരവ് അനുശാസിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതും, ഇത് സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-12 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 46/20-21 | ചാലിയാട്ട്പൊയിൽ - പൊയിലുപറമ്പ് റോഡ് | 300000 | 200000 |

പ്രവർത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക്

ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റെനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 21/21 | കൂടലായി പോതിയാറ റോഡ് | 483838 |
| 50/21 | വടക്കേട്ടിൽ മുക്ക് തീക്കുനി റോഡ് | 488002 |
| 52/21 | പാറോള്ളതിൽ ഓണപ്പറമ്പ് റോഡ് | 531252 |
| 61/21 | പള്ളിമുക്ക് ചെറുമോത്ത് ജാതിയേരി റോഡ് | 535650 |
| 176/21 | കല്ലുനിര ഉള്ളേ്യരിക്കുഴി റോഡ് | 299616 |

10/08/2020ലെ ഭരണസമിതിയുടെ 06/128 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ 2020-21 വർഷം അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് കണ്ടതിനാൽ സർക്കാറിന്റെ 68228/എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയ്യതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അറ്റകുറ്റപണി നടത്തേണ്ടതായുള്ള 35 കി.മീറ്റർ റോഡുകൾ പഞ്ചായത്തിൽ ബാക്കിനിൽക്കുന്നുണ്ട്. പ്രസ്തുത റോഡുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡുകളുടെ നിർമ്മിതിക്കായി വകയിരുത്തിയിരിക്കുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം നൽകനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20-21/17.9.21) മറുപടി സമർപ്പിച്ചിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് വിനിയോഗ നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-14 മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല-പദ്ധതിലക്ഷ്യം കൈവരിച്ചില്ല**

പദ്ധതി രൂപീകരണപ്രക്രിയയിലെ അടിസ്ഥാന രേഖയാകേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്താതെയും വർഷാവർഷം പുതുക്കാതെയുമാണ് പദ്ധതി രൂപീകരണ നിർവ്വഹണങ്ങൾ നടത്തിയിട്ടുള്ളത്. പഞ്ചായത്തിലെ പശു, ആട്, കോഴി വളർത്തൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളിൽ എത്രപേർക്ക് ഇതിനാവശ്യമായ തൊഴുത്ത്/കൂട് സൗകര്യങ്ങൾ ഉപകരണങ്ങൾ എന്നിവ സ്വന്തമായുണ്ട് എന്നുള്ള വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ലഭ്യമല്ല. പ്രസ്തുതഅടിസ്ഥാന വിവരങ്ങളെ സംബന്ധിച്ച ധാരണ ഇല്ലാതെയാണ് ഓഡിറ്റ് വർഷം മുട്ടഗ്രാമം പദ്ധതി നടപ്പാക്കിയിരിക്കുന്നനത് (പ്രോജക്ട് -29/20-21). പദ്ധതിയിൽ 100 വനിതകൾക്ക് 25 മുട്ടകോഴികളെവീതം വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ കോഴിവളർത്തുന്നതിനാവശ്യമായ കൂടും മറ്റ് സൗകര്യങ്ങളും ഉണ്ട് എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കോഴികളെ നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ രണ്ടാം വാർഡിൽ കോഴികളെ നൽകിയ സുമ എടക്കാട്ടിലിന് കോഴിവളർത്തലിനാവശ്യമായ കൂടും മറ്റ് സൗകര്യങ്ങളും ഇല്ലാത്തതായുംനിലവിൽ കോഴിവളർത്തൽ തുടരുന്നില്ലെന്നുമാണ് കാണാൻ കഴിഞ്ഞത്, ഷൈമ വലിയകുന്നുമ്മൽ, രജിത ചാലുപറമ്പത്ത് ലഭിച്ചകോഴികളിൽ ഭൂരിഭാഗവും ചത്തുപോയതായാണ് അറിയിച്ചത്. ഇതിൽ നിന്നും പദ്ധതി മുട്ട ഉല്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിൽ 1048 കുടുംബങ്ങളാണ് കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നതായിഉള്ളത് എന്നാൽ ഇവരിൽ എത്രപേർക്ക് കോഴിവളർത്തലിനാവശ്യമായ കൂട് മറ്റ് ഉപകരണങ്ങൾ എന്നിവ ഉണ്ട് എന്നത് പരിഗണിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റിൽ ആദ്യം വന്ന 100 പേർക്ക് 25 കോഴികളെ വീതം വിതരണം ചെയ്ത് പദ്ധതി നിർവ്വഹണം ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഒരുഘട്ടത്തിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകത വിശദീകരിക്കേണ്ടതും സ്റ്റാറ്റസ് റിപ്പോർട്ട് മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കപ്പെടുന്നത് എന്ന് ഉറപ്പാക്കേണ്ടതുമാണ്. .

**1-15 തെരുവ് വിളക്ക് സ്ഥാപിക്കൽ- അപാകതകൾ-**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്ക് സ്ഥാപിക്കലിനായി താഴെ പറയും പ്രകാരം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | പ്രോജക്ട് നം/ പേര് | അടങ്കൽ | ചെലവ് | സ്ഥാപനം |
|---|---|---|---|---|
| 1 | 5/20-21 തെരുവ് വിളക്ക് സ്ഥാപിക്കൽ | 500000 | 498000 | OVONIC ENERGY ENGINEERING PVT LTD ഇൻവോയ്സ് നം-OEE-30 തീയ്യതി 18-3-21 148 എണ്ണം |
| 2 | 106/20-21 | 500000 | 498450 | OVONIC ENERGY |

| | | | | |
|---|---|---|---|---|
| | തെരുവ് വിളക്ക് സ്ഥാപിക്കൽ (ഒന്ന്, നാല്, എട്ട്, ഒൻപത്, പത്ത് വാർഡുകളിൽ) | | | ENGINEERING PVT LTD ഇൻവോയ്സ് നം-OEE-29 തീയതി-18-3-21 148 എണ്ണം |

മേൽ പ്രോജക്ടുകളിൽ രണ്ടാമത് പ്രോജക്ടിൽ പദ്ധതിലക്ഷ്യമായി പ്രതിപാദിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ 1, 4, 8, 9, 10 വാർഡുകളിൽ 2018-19, 2019-20 വർഷങ്ങളിൽ ഡിസം -31ന് അകം 100% നികുതിപിരിവ് കൈവരിച്ചതിനുള്ള പ്രോത്സാഹനമായി വാർഡിന് 100000 രൂപ വീതം ആകെ അഞ്ച് ലക്ഷം രൂപ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി വകയിരുത്തുന്നു. എന്നാണ് ഇത് പ്രകാരം പദ്ധതിയിൽ 148 തെരുവ് വിളക്കുകൾ വാങ്ങിയത് മേൽ വാർഡുകളിൽ സ്ഥാപിച്ചതായി 1,4,8,9,10 വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം-11/2018 സസ്വഭവ തീയതി 29-1-2018) ഖണ്ഡിക 2-3(3) പ്രകാരം തദ്ദേശസ്ഥാപനത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയുള്ള ആസൂത്രണമായിരിക്കണം സാദ്ധ്യമാക്കേണ്ടത്. അതായത് പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്രവികസനമായിരിക്കണം പൊതു സമീപനം ഖണ്ഡിക2.3(6) തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നികുതി പിരിവിൽ 100% കൈവരിച്ച വാർഡുകൾക്ക് മാത്രമായി തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിരിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് 20-12-19ൽ നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം നാദാപുരം സംക്ഷന കീഴിൽ 60ഉം, പരപ്പപാറ സെക്ഷന കീഴിൽ 47 ഉം പാറക്കടവ് സെക്ഷന കീഴിൽ 23 തെരുവു വിളക്കുകളും നിലവിൽ പ്രവർത്തിക്കാത്തതായുണ്ട് എന്നിരിക്കെയാണ് വസ്തുനികുതി പിരിവിലെ പുരോഗതികണക്കാക്കി അഞ്ച് വാർഡുകൾക്കുള്ള പ്രോത്സാഹന പദ്ധതിയായി തെരുവുവിളക്ക് സ്ഥാപിക്കലിനായി പദ്ധതി നടപ്പാക്കിയത്. തെരുവ് വിളക്ക സ്ഥാപിക്കൽപോലുള്ള പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും പഞ്ചായത്തിനെ ഒറ്റ യൂണിറ്റായികണ്ട് ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത്

17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/20-21/17.9.21) മറുപടി നൽകിയിട്ടില്ല.

സ്ഥാപനത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയത്തിൽ വിശദമായ പരാമർശം ഉണ്ടായിരുന്നു (ഖ-1-10 കാണുക). എന്നാൽ ഇതിൽ തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഈ വിഷയത്തിൽ ചർച്ച നടന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്ന ഗൗരവമായ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. അപാകത പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

<u>1-17 ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുന്നു</u>

സ.ഉ (കൈ)നം.11/2018/തസ്വഭവ, തിരു., തീയതി: 29-01-2018) തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗിന് ഇത് വിനിയോഗിക്കരുതെന്ന് മുൻ വർഷത്തെ പദ്ധതി രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിക്കാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

| പ്രോജക്ട് | പ്രവൃത്തിയുടെ പേര് | ചെലവ് |
|---|---|---|

| നം. | | തുക |
|---|---|---|
| 17/21 | പുത്തൻപുരയിൽ മണലോടി റോഡ് | 198187 |
| 42/21 | ചാലിയാട്ട്പൊയിൽ കുളമുള്ള പറമ്പ് റോഡ് | 199647 |
| 46/21 | ചാലിയാട്ട്പൊയിൽ പൊയിലുപറമ്പ് റോഡ് | 200000 |
| 19/21 | ഷാപ്പ് മുക്ക് സ്രാമ്പിമുക്ക് റോഡ് | 199273 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/20-21/17.9.21) മറുപടി നൽകിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

<u>1-18 ലൈബ്രറി പ്രവർത്തിക്കുന്നില്ല-പുസ്തകങ്ങൾ നശിക്കുന്നു.</u>

സ.ഉ(സാധാ) നം. 1562/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വളയം ടൗൺ വായനശാല നടത്തിപ്പുകാരൻ ശ്രീ. കെ.കണ്ണൻ എന്നവരെ പാർട്ട് ടൈം ലൈബ്രേറിയന് സമാനമായ തസ്തികയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ വളയം ടൗൺ വായനശാലയിലെ ടെലിവിഷൻ ഓപ്പറേറ്റർ എന്ന നിലയിലാണ് ശ്രീ.കെ.കണ്ണന്റെ സേവനം പഞ്ചായത്ത് ഉപയോഗപ്പെടുത്തുന്നത്. വളയം ടൗൺ വായനശാലയിൽ 545 പുസ്തകങ്ങൾ സ്റ്റോക്ക് ഉണ്ടെന്നാണ് ശ്രീ.കണ്ണൻ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാംസ്കാരിക നിലയത്തിലെ ലൈബ്രറി ലൈബ്രേറിയൻ ഇല്ലാത്ത സാഹചര്യത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. മേൽ സ്ഥാപനത്തിലെ പുസ്തകങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നതിനും വായനക്കാരിൽ നിന്നും തിരികെ ലഭിക്കാതെ നഷ്ടപ്പെടുന്നതിനുമുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്.സാംസ്കാരിക നിലയം ലൈബ്രറിയുടെ പുസ്തക സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

സാംസ്കാരിക നിലയം, ടൗൺ വായനശാല എന്നിവ ഒന്നരകിലോമീറ്റർ ചുറ്റളവിനുള്ളിലാണ് പ്രവർത്തിക്കുന്നത്. മേൽ സ്ഥാപനങ്ങൾ /ലൈബ്രറികൾ സംയോജിപ്പിച്ച് സാംസ്കാരിക നിലയത്തിലെ പുസ്തകങ്ങൾ വായനാസമൂഹത്തിന് ഉപയോഗയോഗ്യമാക്കുന്നതിനും ശ്രീ.കെ.കണ്ണന്റെ സേവനം പാർട്ട് ടൈം ലൈബ്രേറിയൻ എന്ന നിലയിലും ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-19 പാലിയേറ്റീവ് പരിചരണം-മരുന്നുകൾ മുഴുവനായും ലഭ്യമായില്ല</u>

പ്രോജക്ട് നം-53/20-21

അടങ്കൽ -500000 (പൊതുവിഭാഗം സാധാരണവിഹിതം-370000,തനത് ഫണ്ട്-130000)

ചെലവ്-450637

നിർവ്വഹണം -മെഡിക്കൽ ഓഫീസർ സി.എച്ച്.സി

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്സ്.സി.എല്ലിന് തുക കൈമാറിയതിൽ മുഴുവൻ മരുന്നുകളും ഓഡിറ്റ് തിയ്യതി വരെ സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കൈമാറിയ തുക | ബിൽ നം | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്ന്, | ലഭ്യമാകുവാൻ അവശേഷിക്കുന്ന |
|---|---|---|---|---|

| | | | ഉപകരണങ്ങൾ എന്നിവയുടെ മൂല്യം | മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 1 | 29790 | 11/2021 31.03.2021 | --- | 29790 |
| 2 | 46666 | Account Transfer 6.11.2020 | 15276 | 31390 |
| | ആകെ തുക | | | 61180 |

മേൽ പട്ടികയിൽ സൂചിപ്പിച്ചത് പ്രകാരം 61180 രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 2020-21 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 5000 | പച്ചക്കറി സ്വയം പര്യാപ്തത (വനിത) | | |
| ബ്ലോക്ക് | 2020-21 | 35000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | | |
| ബ്ലോക്ക് | 2020-21 | 313200 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | | |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1050000 | ലൈഫ് ഭവന പദ്ധതി | | |
| ജില്ല പഞ്ചായത്ത് | 2020-21 | 6000 | പച്ചക്കറി സ്വയം പര്യാപ്തത (വനിത) | | |
| ജില്ല പഞ്ചായത്ത് | 2020-21 | 40000 | ലൈഫ് ഭവന പദ്ധതി | | |
| ജില്ല പഞ്ചായത്ത് | 2020-21 | 90000 | ക്ഷീരഗ്രാമം പദ്ധതി വനിത | | |
| ജില്ല പഞ്ചായത്ത് | 2020-21 | 107811 | മഞ്ചാന്തറ വയോജന പാർക്ക് നിർമ്മാണം | | |
| ജില്ല പഞ്ചായത്ത് | 2020-21 | 133960 | മഞ്ചാന്തറ വയോജന പാർക്ക് നിർമ്മാണം | | |
| ജില്ല പഞ്ചായത്ത് | 2020-21 | 137500 | മുട്ടഗ്രാമം പദ്ധതി | | |
| ജില്ല പഞ്ചായത്ത് | 2020-21 | 150000 | മുട്ടഗ്രാമം (വനിത) | | |
| ജില്ല പഞ്ചായത്ത് | 2020-21 | 200000 | ഭിന്നശേഷിയുള്ള വൃദ്ധർക്ക് സ്കോൾഷിപ്പ് | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജൽ ജീവൻ മിഷൻ | 22000088 | 224300 | 0 | 224300 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | സാമ്പ | തൻവർഷം | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | ത്തിക വർഷം | എടുത്ത വായ്പ തുക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 2019-20 | - | 19185190 | 1711333 | | 17473857 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. (ഓഹരി)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ നാദാപുരം | 03.03.1997 | 1 | 25000 | |
| ആകെ | | | | 25000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 17 | 2003-04 | 11.13.1.1.107 | നോട്ടുബുക്ക് നിർമ്മാണ പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | 9 | 2003-04 | 11.13.5.112 | മൈത്രി ഭവന പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | പുരോഗതി റിപ്പോർട്ട് |
| 1999-00 | | 2003-04 | 11.14.117 | തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. നിക്ഷേപം പ്രവൃത്തി പൂർത്തീകരിക്കാത്തത് |
| 2001-02 | 8 | 2004-05 | 11.1.5.7.119 | നേന്ത്രവാഴ സംഘകൃഷി |
| 2001-02 | 12 | 2004-05 | 2.1 | തുടർ പ്രവർത്തനമില്ല |
| വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ | | 2011-12 | 11.1.5.7.119 | പമ്പ് ഹൌസ് നിർമ്മാണം സ്തംഭനത്തിൽ |
| | | 2011-12 | 3.1.19.10.11 | ഇട വിള കൃഷി തുക ചെലവഴിച്ചില്ല. |
| | | 2011-12 | 3.1.12.65 | തുക വകയിരുത്തിയിട്ടും പ്രവൃത്തി നടന്നില്ല. |
| | | 2011-12 | 3.1.12.67 | സമഗ്ര ഇ-കൃഷി ലക്ഷ്യം നേടിയില്ല. |
| | | 2013-14 (അവലോകനം) | 6.3.1.187 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി |
| | | 2013-14 (അവലോകലം) | 6.3.1.187 | പ്രോക്യൂർമെന്റ് സൈക്കിൾ |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4/88 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5/212 | തൊഴിൽ നികുതി അപാകതകൾ |

## <u>4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം</u>

ഇല്ല

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53467226 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51422379 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഇല്ല.

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽ.എഫ്.എസ്.1/823/07/5.10.07 | 3 | 8,9,17 |
| 2003-04 | എൽ.എഫ്.എസ്.1/1396/07/5.10.07 | 6 | 2-3, 2-4, 3-4, 3-5, 3-7, 3-10 |
| 2004-05 | എൽ.എഫ്.പി 5/1349/09/12.1.10 | 1 | 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്/805 / 08/2.12.08 | 5 | 2-7,3-2, 3-10, 3-13,3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/321/ 10/3.2.10 | 3 | 2-1,2-7(1-4), 3-8 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339/ 10/26.04.11 | 3 | 3-10(2), 3-11, 3-14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339/ 10/26.04.11 | 2 | 3-4,3-3(1) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡിപി4/880/ 2019/29.05.2020 | 1 | 3-11 |
| 2011-12 & 12-13 | കെ.എസ്.എ.കെ.കെ.ഡിപി4/880/ 2019/29.05.2020 | 2 | 3-4, 3-10 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡിപി4/880/ 2019/29.05.2020 | 5 | 2-1(CAR), 3-3, 3-5,3-6, 3-27 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡിപി4/880/ 2019/29.05.2020 | 2 | 3-14,3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി4/880/2019/29.05.2020 | 12 | 3-2 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി11/2496/18/ 30.04.2019 | 13 | 1-12, 2-2(1,2,3), 2-4,2-5, 2-6, 3-1(1,2,3), 3-2, 3-3,3-4, 3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി4/816/ 2019/3.09.2020 | 9 | 1-6, 1-8, 1-9, 1-10, 1-12, 1-16, 1-20, 3-1, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്